# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. *825

**25/07/2012-ലെ മറുപടിക്ക്**

## <u>മൾട്ടിപർപ്പസ് ജോബ് ക്ലബ്ബുകളും സർവ്വീസ് സെന്ററുകളും</u>

<u>ചോദ്യം</u>

ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി.കെ. ബഷീർ :
ശ്രീ. എം. ഉമ്മർ :

(എ) മൾട്ടി പർപ്പസ് ജോബ് ക്ലബ്ബുകൾ, (എ) സർവ്വീസ് സെന്ററുകൾ എന്നിവയുടെ പ്രവർത്തനം വിശദമാക്കുമോ :

<u>മറുപടി</u>

ശ്രീ. ഷിബു ബേബി ജോൺ
(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)

*<u>മൾട്ടിപർപ്പസ് ജോബ് ക്ലബ്ബുകളുടെ പ്രവർത്തനം</u>*

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള വിവിധ തൊഴിലുകളിൽ വൈദഗ്ദ്ധ്യമുള്ള തൊഴിലില്ലാത്തവരെ ചെറു സംഘങ്ങളായി (ക്ലബുകളായി) സംഘടിപ്പിച്ച് അവരെ ബാങ്കുമായി ലിങ്ക് ചെയ്ത് വായ്പയും ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് സബ്സിഡിയും അനുവദിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയാണ് മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

*<u>സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം</u>*

സർവ്വീസ് സെന്ററുകൾ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടനുബന്ധിച്ച് സെൽഫ് എംപ്ലോയ്മെന്റ് ഓഫീസറുടെ മേൽനോട്ടത്തിലാണ് പ്രവർത്തിക്കുന്നത്. മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ് പദ്ധതി പ്രകാരം സ്വയം തൊഴിൽ ചെയ്യുന്നതിന് യോഗ്യരായ ഗുണഭോക്താക്കളെ കണ്ടെത്തുകയും സ്വയം തൊഴിൽ ചെയ്യാൻ പ്രാപ്തരാണോ എന്ന് പരിശോധിക്കുകയും അവരുടെ സാങ്കേതിക വൈദഗ്ധ്യം, അഭിരുചി സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് അവർക്കുള്ള കഴിവ്, ബാങ്ക് നിബന്ധനകൾ പാലിക്കുവാൻ അവർക്ക് കഴിയുമോ എന്നുള്ള വസ്തുതകൾ പരിശോധിച്ച് ജോബ്

ക്ലബുകൾ രൂപീകരിക്കുകയും, ജോബ് ക്ലബുകളുടെ അപേക്ഷ പരിശോധിച്ച് ശുപാർശ ചെയ്യുന്നതിനായുള്ള ജില്ലാതല സമിതിയ്ക്ക് സമർപ്പിക്കുകയാണ് സർവ്വീസ് സെന്ററിന്റെ പ്രവർത്തനം.

(ബി) ഇവ എവിടെയൊക്കെ പ്രവർത്തിക്കുന്നു: ഇവയുടെ നാളിതുവരെയുള്ള പ്രവർത്തന നേട്ടം വിശദമാക്കുമോ :

(ബി) മൾട്ടിപർപ്പസ് ജോബ് ക്ലബുകൾ കേരളത്തിലെ 14 ജില്ലകളിലും പ്രവർത്തിക്കുന്നു. 2007-2008 സാമ്പത്തിക വർഷത്തിലാണ് പദ്ധതി ആരംഭിച്ചത്. ആയതുമുതലുള്ള സാമ്പത്തിക വർഷാടിസ്ഥാനത്തിലുള്ള പ്രവർത്തന നേട്ടം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ജോബ് ക്ലബുകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2007-2008 | 68 | 301 |
| 2008-2009 | 71 | 318 |
| 2009-2010 | 72 | 315 |
| 2010-2011 | 65 | 191 |
| 2011-2012 | 62 | 125 |

14 ജില്ലകളിലും സ്വയം തൊഴിൽ പദ്ധതികൾ വിജയിപ്പിക്കുന്നതിന് സർവ്വീസ് സെന്ററുകൾ മേൽനോട്ടം വഹിച്ചിട്ടുണ്ട്.

(സി) രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ വിധവകൾ, വിവാഹ മോചിതരായ സ്ത്രീകൾ എന്നിവർക്കുള്ള സ്വയം തൊഴിൽ പദ്ധതി പ്രസ്തുത സർവ്വീസ് സെന്ററുകൾ മുഖേനയാണോ നടപ്പാക്കുന്നത്: എങ്കിൽ അതു സംബന്ധമായ വിശദ വിവരം നൽകാമോ ?

(സി) ആണ്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപ്പെടുത്തിയവർ, ഭർത്താവ് ഉപേക്ഷിക്കുകയോ, ഭർത്താവിനെ കാണാതാവുകയോ ചെയ്ത സ്ത്രീകൾ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടിക വർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നീ വിഭാഗത്തിലെ സ്ത്രീകൾക്കായി വകുപ്പ് നേരിട്ട് നടപ്പാക്കുന്ന ഒരു തൊഴിൽ പദ്ധതിയാണ് ശരണ്യ.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതും വാർഷിക കുടുംബ വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തതുമായ 18 നും 55 നും മദ്ധ്യേ പ്രായമുള്ളവർക്ക് പദ്ധതി പ്രകാരം സ്വയം തൊഴിൽ ചെയ്യുന്നതിനായി ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയുള്ളവർക്ക് മുൻഗണന നൽകുന്നതാണ്. പദ്ധതി പ്രകാരം സ്വയം തൊഴിൽ ചെയ്യുന്നതിന് ബാങ്ക് മുഖാന്തിരം പരമാവധി 50,000/ രൂപ വായ്പ അനുവദിക്കുന്നു. വായ്പാ തുകയുടെ 50% പരമാവധി 25,000/ രൂപ സബ്സിഡിയായി അനുവദിക്കുന്നു.

(ഒപ്പ്)

സെക്ഷൻ ഓഫീസർ